File No.LSGD-DD2/75/2018-LSGD

Office of the Mission Director MGNREGS
1921
01 JUL 2019
Government of Kerala

pl. upload in website

MGNREGA State Mission
Section ..............
JDC
DDC
ADC
150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റുമാരായി പ്രവർത്തിക്കുന്നവർക്ക് പ്രതിമാസ യാത്രപ്പടി അനുവദിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.1302/2019/LSGD തീയതി,തിരുവനന്തപുരം, 26/06/2019

പരാമർശം:- 1 സ.ഉ.(സാധാ)നം.2707/2012/ത.സ്വ.ഭ.വ തീയതി 26.09.2012

2 ദേശീയ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 05.02.2019-ലെ 25-മത് യോഗത്തിന്റെ 5.1-നമ്പർ തീരുമാനം

3 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 10.05.2019- ലെ 682/ഇ.ജി.എസ്.ബി/18 നമ്പർ കത്ത്

## ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റുമാരായി പ്രവർത്തിക്കുന്നവരിൽ സംസ്ഥാനത്തെ പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട, വാസസ്ഥലത്ത് നിന്നും 8 കി.മീ. കൂടുതൽ യാത്ര ചെയ്ത് ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിൽ എത്തേണ്ടവർക്ക്, യാത്രാച്ചെലവിനായി ഒരു ദിവസത്തെ അവിദഗ്ധ കൂലി/പരമാവധി ഒരു മാസം 500/- രൂപ എന്ന നിരക്കിൽ പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ വർക്ക് മേറ്റുമാരായി പ്രവർത്തിക്കുന്ന മുഴുവൻ പേർക്കും പ്രതിമാസം 50/- രൂപയെങ്കിലും യാത്രപ്പടി നൽകുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് കൗൺസിലിന്റെ 25-ാമത് യോഗം ശുപാർശ ചെയ്തതനുസരിച്ച് പരാമർശം (3) പ്രകാരം മിഷൻ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ 15,962 വാർഡുകളിൽ ശരാശരി 5 മേറ്റുമാർക്ക് പ്രതിമാസം 50/- രൂപ വീതം നൽകുന്നതിന് ഒരു വർഷം ഏകദേശം 4.788 കോടി രൂപ ആവശ്യമായി വരുമെന്നും ഇത് പദ്ധതിയുടെ അനുവദനീയമായ ഭരണച്ചെലവിൽ ഉൾപ്പെടുത്താവുന്നതാണെന്നും മിഷൻ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ പരാമർശം 3 ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ, പരാമർശം (1) സർക്കാർ ഉത്തരവ്പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട മേറ്റുമാർക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യം നിലനിർത്തിക്കൊണ്ട്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ വർക്ക് മേറ്റുമാർക്ക് അവർ തൻമാസം വർക്ക് മേറ്റായി പ്രവർ ത്തിച്ചിട്ടുള്ളപക്ഷം 50/-രൂപ(അൻപത് രൂപ മാത്രം) പ്രതിമാസയാത്രാപ്പടി അനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ ആവശ്യത്തിലേയ്ക്കുള്ള തുക തൊഴിലുറപ്പ് പദ്ധതിയുടെ അനുവദനീയമായ ഭരണച്ചെലവിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIMOL ABRAHAM
Additional Secretary

പകർപ്പ്
മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ